(ബി) മേൽ ഉത്തരവ് പ്രകാരം കന്നട, തമിഴ്, ഗുജറാത്തി എന്നിവ മാതൃഭാഷയായുള്ള കുട്ടികൾക്ക് അവരുടെ മാതൃഭാഷ ഒന്നാം ഭാഷയായി തന്നെ പഠിക്കുവാൻ നിലവിലുള്ള സംവിധാനം തുടരുന്നതാണ്. എന്നാൽ അവർക്ക് നിലവിലുള്ള ഭാഷയ്ക്ക് പുറമെ മലയാളം കൂടി പഠിക്കുവാൻ സാഹചര്യം ഉണ്ട്. ഹയർ സെക്കന്ററി തലത്തിൽ രണ്ടാം ഭാഷ വിദ്യാർത്ഥികൾക്ക് സ്വമേധയാ തെരഞ്ഞെടുക്കാവുന്ന തരത്തിലാണ് പാഠ്യപദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത്. മലയാളം മാതൃഭാഷയല്ലാത്ത വിദ്യാർത്ഥികൾക്ക് താൽപ്പര്യമുള്ള പക്ഷം മലയാളം രണ്ടാം ഭാഷയായി തെരഞ്ഞെടുക്കാവുന്നതാണ്.

(സി) മലയാളം പാർട്ട് - 2 പാഠാവലി പഠിക്കുന്നതിന് ആഴ്ചയിൽ രണ്ടിന് പകരം മൂന്ന് പിരീയഡുകൾ നീക്കിവയ്ക്കുന്നതിനും ഇതിനായി ചൊവ്വാഴ്ച ദിവസം ടൈം ടേബിൾ 8 പിരീഡായി പുനഃക്രമീകരിച്ച് ഒരു അധിക പിരീഡ് കണ്ടെത്തുവാനും അന്നേ ദിവസം ഉച്ചവരെ 40 മിനിട്ടിന്റെ 4 പിരീഡുകളും ഉച്ചയ്ക്ക് ശേഷം 35 മിനുട്ടിന്റെ 4 പിരീഡുകളുമായി പഠനസമയം പുനഃക്രമീകരിച്ചിട്ടുണ്ട്.

കേരള റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി (റിക്)

5 (*245) ശ്രീ. എസ്. രാജേന്ദ്രൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് വികസനത്തിന് സർക്കാർ രൂപം നൽകിയ കേരള റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി (റിക്) പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) ഈ കമ്പനി മുഖേന സംസ്ഥാനത്ത് എത്ര കോടി രൂപയുടെ റോഡ് വികസന പദ്ധതികളാണ് വിഭാവനം ചെയ്തിരുന്നത് ;

(സി) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ഈ കമ്പനിയുടെ പ്രവർത്തനത്തിന് തടസ്സമായിട്ടുണ്ടോ ; ധനകാര്യ വകുപ്പ് ഇതിനുള്ള അനുമതി നിഷേധിച്ചിട്ടുണ്ടോ ;

(ഡി) റിക് മുഖേന സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന റോഡ് വികസന പദ്ധതികൾ ഇനി ഏത് സംവിധാനത്തിൻകീഴിലാണ് പ്രാവർത്തികമാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) റോഡ് വികസനത്തിന് സർക്കാർ രൂപം നൽകിയ റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (റിക്) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്

(ബി) നീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളിലായി ഏകദേശം 4148 കോടി രൂപ ചെലവിൽ 1100-ഓളം കി.മീ.റോഡുകളുടെ വികസനമാണ് ഈ കമ്പനി മുഖേന വിഭാവനം ചെയ്തിരിക്കുന്നത്.

(സി&ഡി) ടെണ്ടർ നടത്തിയ നീഹാബിലിറ്റേഷൻ പാക്കേജുകൾക്ക് കരാറുകാർ ക്വോട്ട് ചെയ്ത ആന്യൂറ്റി ഇക വളരെ കൂടുതലായതിനാൽ പാക്കേജുകൾ ചെറുതാക്കി നീ-ടെണ്ടർ ചെയ്യുവാൻ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതനുസരിച്ച് രണ്ട് ഫെയ്സുകളിലായി നീഹാബിലിറ്റേഷൻ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അപ്ഗ്രഡേഷൻ പാക്കേജിലുള്ള റോഡുകളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്. ഈ പദ്ധതികൾ എല്ലാം റിക്ക് (റോഡ് ഇൻഫ്രാസട്രക്ചർ കമ്പനി) മുഖേന ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ

6 (*246) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം നടത്തുന്ന പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) സിലിണ്ടറുകളുടെ പഴക്കമോ, പ്രവർത്തനക്ഷമതയോ പരിശോധിക്കാതെ ഫില്ലിംഗ് നടത്തി വിതരണം നടത്തുന്നതുമൂലം അടിക്കടി അപകടങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) ഇതു ഒഴിവാക്കാനും, അടിയന്തര ഘട്ടങ്ങളിൽ സുരക്ഷാ മാർഗ്ഗം വേഗത്തിൽ സ്വീകരിക്കാൻ തക്കവിധമുള്ള പരിശീലനവും ബോധവത്ക്കരണവും, ഓരോ ഉപഭോക്താവിനും നൽകാനും വേണ്ട നടപടികൾ ഏജൻസികൾ മുഖേന നടപ്പാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly